# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 819 20.03.2013 - ൽ മറുപടിക്ക്

## വരൾച്ചയും കുടിവെള്ളക്ഷാമവും നേരിടുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീ രാജു എബ്രഹാം<br>ശ്രീ വി. ചെന്താമരാക്ഷൻ<br>ശ്രീ എസ്. രാജേന്ദ്രൻ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) കടുത്ത വരൾച്ചയും കുടിവെള്ള ക്ഷാമവും നേരിടുന്നതിന് എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കുന്നത്; വിശദാംശം നൽകുമോ; | (എ) വേനൽക്കാല ജലശോഷണം കണക്കിലെടുത്ത് കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ അത് തരണം ചെയ്യുന്നതിനായി ധനലഭ്യതയ്ക്കനുസൃതമായി താഴെപറയുന്ന നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.<br>1. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം<br>2. കേടായ പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ<br>3. പമ്പ്സെറ്റുകൾ മാറ്റിവയ്ക്കുന്ന പണികൾ<br>4. വാട്ടർലൈനുകളിലുള്ള ലീക്കുകൾ മാറ്റുക<br>5. സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ ജലത്തിന്റെ ലഭ്യത അനുസരിച്ച് പൈപ്പ് ലൈനുകൾ നീട്ടുക.<br>6. തകരാറിലായ പൈപ്പുലൈനുകൾ മാറ്റുക<br>7. ഡൈവേർഷൻ ചാനലുകൾ മുഖേന നീരൊഴുക്കു വർദ്ധിപ്പിക്കുകയും സ്രോതസ്സുകളിലേയ്ക്ക് തിരിച്ചു വിടുകയും ചെയ്യുക.<br>8. ഇൻഫിൽട്രേഷൻ ഗ്യാലറി, കിണറുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുകയും, കുഴൽകിണറുകൾ ഫ്ളഷ് ചെയ്യുകയും ചെയ്യുക.<br>9. വാൽവുകൾ നിയന്ത്രിച്ചും, പമ്പിംഗ് സമയം ക്രമീകരിച്ചും നിശ്ചിത സമയം കുടിവെള്ളം നല്കുക മുതലായവ. |

...............2

| | | |
|---|---|---|
| (ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച അധിക ഫണ്ട് എത്രയെന്നറിയിക്കുമോ; അതിൽ എത്ര തുക വീതം ഏതെല്ലാം പദ്ധതികൾ ക്കായി ചെലവഴിച്ചുവെന്ന് അറിയിക്കുമോ;<br><br>(സി) കുടിവെള്ള വിതരണത്തിനായി ഓരോ ജില്ലയ്ക്കും അധികമായി അനുവദിച്ച തുകയും അതിന്റെ വിനിയോഗവും അറിയിക്കുമോ; | (ബി) & (സി) | വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പിലാക്കുന്നതിലേയ്ക്കായി കേരള വാട്ടർ അതോറിറ്റിക്ക് 57 കോടി രൂപയും, ജലസേചന വകുപ്പിന് 22 കോടി രൂപയും, ഭൂജലവകുപ്പിന് 13 കോടി രൂപയും ഉൾപ്പെടെ മൊത്തം 92 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

പ്രസ്തുത തുക ഉപയോഗിച്ച് വാട്ടർ അതോറിറ്റി ചുവടെ കാണുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

| | | | രൂപ (കോടിയിൽ) |
|---|---|---|---|
| 1 | സ്രോതസ്സുകളുടെ പുനരുദ്ധാരണം | - | 24.81 |
| 2 | പമ്പുസെറ്റുകളുടെയും വൈദ്യുത ഉപകരണങ്ങളുടെയും നന്നാക്കൽ/ മാറ്റി സ്ഥാപിക്കൽ | | 26.22 |
| 3 | അധികസമയ പമ്പിംഗും വാൽവ് നിയന്ത്രിക്കലും | | 2.62 |
| 4 | വാൽവുകൾ/വാൽവ് ചേംബേഴ്സ് പുതിയവ/ മാറ്റി സ്ഥാപിക്കൽ | | 0.36 |
| 5 | ലീക്കുകൾ ശരിയാക്കുന്നതിനുള്ള സ്ക്വാഡ് | | 0.57 |
| 6 | ചെറുകിട പദ്ധതികൾ (ട്യൂബ് വെൽ/ബോർവെൽ) | | 2.42 |
| | | | --------- |
| | ആകെ | | 57 കോടി |

ജലസേചന വകുപ്പ് ചുവടെ കാണുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

1. സാൾട്ട് ഇൻട്രൂഷൻ ബണ്ടുകൾ നിർമ്മിക്കുന്നു.
2. കുളങ്ങൾ വൃത്തിയാക്കി വെള്ളം സംരക്ഷിക്കുന്നു.
3. ചെറിയ ചെറിയ ബണ്ടുകൾ നിർമ്മിച്ച് ഉള്ള വെള്ളം സംരക്ഷിക്കാൻ ശ്രമിക്കുന്നു.
4. കനാലുകൾ വൃത്തിയാക്കി ജല ഒഴുക്ക് സുഗമമാക്കി കൃഷി സ്ഥലങ്ങളിൽ വെള്ളം എത്തിക്കുന്നു.

ഭൂജലവകുപ്പ് ചുവടെ കാണുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

കുഴൽകിണർ കുഴിക്കുന്നു. വെള്ളം സുലഭമായി ലഭിക്കുന്ന കിണറുകളിൽ മൈക്രോ വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുന്നു. വെള്ളം കുറഞ്ഞതിൽ ഹാൻഡ് പമ്പ് പിടിപ്പിക്കുന്നു. കേടായി കിടക്കുന്ന ഹാൻഡ് പമ്പുകൾ നന്നാക്കി ഉപയോഗ യോഗ്യമാക്കുന്നു.

......................3

| | |
|---|---|
| (ഡി) വരൾച്ചാ പ്രതിരോധ പരിപാടി കൾക്കായി ലഭ്യമായ കേന്ദ്ര സഹായം എത്രയെന്ന് വ്യക്തമാക്കുമോ? | (ഡി) വരൾച്ചാ പ്രതിരോധ പരിപാടികൾക്കായി കേന്ദ്രസഹായമൊന്നും നടപ്പ് സാമ്പത്തിക വർഷം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ